# കേരള സർക്കാർ

## സംഗ്രഹം

വനം- വന്യജീവി വകുപ്പ്- തടിയിതര വനവിഭവ പരിപാലനം- മാർഗ്ഗനിർദ്ദേശ്ശങ്ങൾ- ഉത്തരവു പുറപ്പെടുവിക്കുന്നു.

---

## വനം- വന്യജീവി (ജി) വകുപ്പ്

സ.ഉ (സാധാരണ) നം: 40/2001/ വനം തിരുവനന്തപുരം, തീയതി 02/02/2001

---

പരമാർശം: സി.സി.എഫ്(ഇ & റ്റി. ഡബ്ല്യൂ / എൻ.റ്റി.എഫ്. പി 1/2000 നമ്പരായുള്ള 30/1/2000 തീയതിയിലെ ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇക്കോ ഡവലപ്പ്മെന്റ് & ട്രൈബൽ വെൽഫയർ) ന്റെ കത്ത്.

## ഉത്തരവ്

തടിയതിര വനവിഭവങ്ങളുടെ പ്രഭവസ്ഥാനമായി ഉൾവനങ്ങൾ അശാസ്ത്രീയമായ പലവിധ ഇടപെടലുകൾ കൊണ്ട് ഭീഷണി നേരിട്ടുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ജൈവവൈവിധ്യ സംരക്ഷണത്തിനും തടിയതര വനവിഭവ പരിപാലനത്തിനുമായി അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

1) ചീഫ് ഫോറസ്റ്റ് കൺസർവേറ്റർ (ഇക്കോ ഡവലപ്പ്മെന്റ് & ട്രൈബൽ

ഗവർണറുടെ ഉത്തരവിൻ പ്രകാരം

(ഒപ്പ്)

**പി. ചെറിയാൻ ഫിലിപ്പ്**

ജോയിന്റ് സെക്രട്ടറി,

പ്രിൻസിപ്പൽ സെക്രട്ടറിക്കു വേണ്ടി.

വെൽഫയർ), തിരുവനന്തപുരം

2) പട്ടികജാതി - പട്ടികവർഗ്ഗ വികസന വകുപ്പ്

3) വനം - വന്യജീവി (ഇ) വകുപ്പ്

4) കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

# തടിയിതര വനവിഭവപരിപാലനം

## 1. ലക്ഷ്യങ്ങൾ

- വനപ്രദേശത്ത് ജീവിക്കുന്ന ആദിവാസി സമൂഹത്തിന്റെ പങ്കാളിത്തത്തോടെ തടിയിതര വനവിഭവങ്ങളുടെ സ്ഥായിയായ പരിപാലനവും വനസംരക്ഷണവും നടപ്പാക്കുക. ഇതിനായി ആദിവാസികളുടെ പാരമ്പര്യ വിജ്ഞാനം പരമാവധി പ്രയോജനപ്പെടുത്തുക.
- മേൽപ്പറഞ്ഞ പ്രക്രിയകളിൽ ആത്മവിശ്വാസത്തോടെ പങ്കെടുക്കാൻ ആദിവാസി സമൂഹത്തെ പ്രാപ്തരാക്കുക.
- ആദിവാസി സമൂഹത്തിലെ കൂട്ടായ്മകളെ പരിപോഷിപ്പിച്ച് പലവിധത്തിലും ഇന്നവരഭിമുഖീകരിക്കുനന ജീവൽപ്രശ്നങ്ങൾക്ക് പരിഹാരം കണ്ടെത്താൻ അവരെ സഹായിക്കുക.
- ഇതിനായി ആദിവാസി ഊരുകൾ അടിസ്ഥാനമാക്കിയുള്ള ആദിവാസി വനസംരക്ഷണസമിതികൾ വഴി പ്രവർത്തിക്കുക.

## 2. ആദിവാസി വനസംരക്ഷണ സമിതി
### അടിസ്ഥാനം - ആദിവാസി ഊര്

1. നിർദ്ദിഷ്ട വനം റെയിഞ്ചിനുള്ളിലുള്ള ആദിവാസി ഊരുകൾ (ഊരുകളിൽ നിന്നകന്നുമാറിക്കഴിയുന്ന ഏതാനും കുടുംബങ്ങൾ മാത്രമുള്ള ചെറു സംഘങ്ങളെ മാതൃ രാജ്യത്തിന്റെ ഭാഗമായി പരിഗണിക്കും)

അല്ലെങ്കിൽ

2. നിർദ്ദിഷ്ട വനം റെയിഞ്ചിൽ നിന്ന് പാരമ്പര്യമായി വനവിഭവങ്ങൾ ശേഖരിച്ചു വരുന്ന പുറത്തുള്ള ആദിവാസി കുടുംബങ്ങൾ അധിവസിക്കുന്ന ഊരുകൾ

## 3. അംഗങ്ങൾ

ആദിവാസി ഊരിൽ പ്രായപൂർത്തിയായ എല്ലാ ആദിവാസികൾക്കും സമിതിയിൽ അംഗങ്ങളാകാം.

## 4. സമിതി നിർവ്വഹണതലം

- ഊരിലെ തിരഞ്ഞെടുക്കപ്പെട്ട 9 അംഗങ്ങൾ (ഒരു കൂടുംബത്തിൽ നിന്ന് ഒന്നിലേറെ അംഗങ്ങൾ പാടില്ല)
- സ്ത്രീ പ്രാതിനിധ്യം കുറഞ്ഞത് 4
- തെരഞ്ഞെടുക്കപ്പെട്ടവരിൽ 5 പേരെങ്കിലും പ്രധാനമായും തിടയിതര വനവിഭവങ്ങൾ ശേഖരിക്കുന്ന തൊഴിലിൽ ഏർപ്പെട്ടവരായിരിക്കണം.

### എക്സ് ഒഫിഷ്യോ അംഗങ്ങൾ

1. ഗ്രാമപഞ്ചായത്ത് വാർഡ് അംഗം
2. ആദിവാസി വികസന വകുപ്പുദ്യോഗസ്ഥൻ
3. സന്നദ്ധസംഘടനാ പ്രതിനിധി
4. സെക്രട്ടറി- ഫോറസ്റ്റർ / ഗാർഡ്

ഒരു നിർവഹണതലത്തിന്റെ കാലാവധി പരമാവധി 2 കൊല്ലമായിരിക്കും.

## 5. പ്രവർത്തന മേഖല

നിർദ്ദിഷ്ട വനം റെയിഞ്ചിൽ ഗ്രാമങ്ങളോടു ചേർന്നു കിടക്കുന്ന വനപ്രാന്തങ്ങളിലെ പങ്കാളിത്ത വനപാലന പ്രദേശത്തിനു പുറത്ത് ഓരോ ആദിവാസി ഊരും പാരമ്പര്യമായി വനവിഭവങ്ങൾ ശേഖരിക്കുന്ന പ്രദേശം.

## 6. പ്രവർത്തന ശൈലി

ഓരോ പ്രദേശത്തിന്റെയും സ്വാഭാവികമായ വന്യതയെ പരിപോഷിപ്പിച്ച് വനവിഭവങ്ങളുടെ ഉറവ വറ്റാത്ത സ്രോതസ്സായി വനപ്രദേശങ്ങളെ നിലനിർത്തും.

വനവിഭവങ്ങൾ കാട്ടിലലഞ്ഞു ശേഖരിച്ചു വിൽക്കാൻ കൊണ്ടു വരുന്നവരെന്ന ഇന്നത്തെ പദവിയിൽ നിന്നും വ്യത്യസ്തമായി തടിയിതര വനവിഭവപരിപാലനത്തിന്റെ ചുമതലയും അവകാശവുമുള്ള സമൂഹമായും വനത്തിന്റെ സംരക്ഷകരായും ആദിവാസികളെ കാണുന്ന സമീപനം കൈക്കൊള്ളും.

## 7. സംഘടനാപരമായ ചട്ടങ്ങളും നടപടിക്രമങ്ങളും.

ആദിവാസി വനസംരക്ഷണസമിതി അനുസരിക്കേണ്ട സംഘടനാപരമായ ചട്ടങ്ങളും നടപടിക്രമങ്ങളും പങ്കാളിത്ത വനപരിപാലന പരിപാടിയിൽ വനസംരക്ഷണ സമിതിക്കുവേണ്ടി (ജി. ഒ (എം.എസ്) 08/98 തീയതി (16.01.1998) നിഷ്കർഷിച്ചിട്ടുള്ള പൊതുചട്ടങ്ങളും നടപടിക്രമങ്ങളും തന്നെയായിരിക്കും

## 8. സാക്ഷ്യപത്രം

തടിയിതര വനവിഭവങ്ങൾ ശേഖരിച്ചു കൊണ്ടു വന്ന് ഊരിൽ പ്രാഥമിക സംസ്കരണം നടത്തി സംഭരണശാലയിലേയ്ക്ക് കൈമാറ്റം ചെയ്യുമ്പോൾ താഴെക്കാണിച്ചിരിക്കുന്ന സാക്ഷ്യപത്രം ഓരോ സമിതിയും നൽകേണ്ടതാണ്.

സൂക്ഷമാസൂത്രണരേഖയിൽ അനുശാസിക്കുന്ന വിധമാണ് ശേഖരണം നടത്തിയതെന്നും വനവിഭവങ്ങളുടെ വംശനാശത്തിനിടവരാതിരിക്കാനാവശ്യമായ നടപടിക്രമങ്ങൾ കൈക്കൊണ്ടിട്ടുണ്ടെന്നും ഇതിൽ വ്യക്തമാക്കണം.

**സാക്ഷ്യപത്രത്തിൽ സമിതി പ്രസിഡന്റും സെക്രട്ടറിയും ഒപ്പിട്ടിരിക്കണം.**

## 9. സ്വന്തം ആവശ്യത്തിന് വനവിഭവങ്ങളുടെ ശേഖരണം.

ആദിവാസി സമൂഹങ്ങൾക്ക് സ്വന്തം ആവശ്യത്തിന് വനവിഭവങ്ങൾ വനത്തിൽ നിന്ന് ശേഖരിക്കാനുള്ള പ്രത്യേക അവകാശാധികാരങ്ങൾ സർക്കാർ പ്രത്യേകം വിജ്ഞാപനം ചെയ്യണം. ഈ അവകാശാധികാരങ്ങൾ ഉത്തരവാദിത്വത്തോടെ അംഗങ്ങൾക്കുവേണ്ടി കൈകാര്യം ചെയ്യാനുള്ള ചുമതല ആദിവാസി വനസംരക്ഷണസമിതക്കുണ്ട്. കൃത്യമായ ചട്ടങ്ങളും നടപടിക്രമങ്ങളും ഇതിനായി ആവിഷ്ക്കരിച്ച് സമിതികൾ പ്രവർത്തിക്കണം.

## 10. സൂക്ഷ്മാസൂത്രണരേഖ

**പങ്കെടുക്കുന്നവർ** - തടിയിതര വനവിഭാവശേഖരണം നടത്തുന്നവർ, വനം വകുപ്പ്, ബന്ധപ്പെട്ട ശാസ്ത്ര-സാമൂഹ്യ സ്ഥാപനങ്ങൾ

- ➢ വനവിഭവങ്ങളുടെ പ്രാദേശിക ലഭ്യത
- ➢ വിഭവഭൂപടം
- ➢ ഒരോ ആദിവാസി ഊരിന്റെയും റെയിഞ്ചിലെ പ്രവർത്തനമേഖല
- ➢ തടിയിതര വനവിഭവങ്ങളുടെ സ്ഥായിയായ നിലനിൽപ്പുറപ്പാക്കുന്ന പരിപാലനത്തിന്റെ സൂക്ഷ്മാംശങ്ങൾ

- കൈകാര്യം ചെയ്യുന്ന ആദിവാസി സമൂഹങ്ങളുടെ അധികാരാവകാശങ്ങൾ, ഉത്തരവാദിത്വങ്ങൾ ചുമതലകൾ എന്നിവ
- അപൂർവ്വമായി കൊണ്ടിരിക്കുന്ന വനവിഭവങ്ങളുടെ പരിപാലത്തിന് പ്രത്യേക പരിപാടികൾ
- ജൈവസഞ്ചയ മേഖലകളുടെ പരിപാലനം
- ശോഷിച്ച വനപ്രദേശങ്ങളുടെ പുനുരജ്ജീവനത്തിന് പ്രത്യേകം കർമ്മപരിപാടികൾ
- വനസംരക്ഷണം
- ശേഖരിച്ചു കൊണ്ടുവരുന്ന തടിയിതര വനവിഭവങ്ങളുടെ സംസ്കരണം,വിതരണം, വിപണനം, വരവു ചെലവുകണക്കുകൾ സൂക്ഷിക്കൽ
- പ്രവർത്തന ധനം, സമിതി മൂലധനം എന്നിവയുടെ നടത്തിപ്പ്
- ഓഡിറ്റിംഗ്
- പരിശീലന പരിപാടികൾ
- ഊരിലുള്ള കാർഷിക വിളകൾ നേരിടുന്ന വന്യജീവി ശല്യങ്ങൾ
- സാമൂഹ്യ- സാമ്പത്തിക- സാംസ്കാരിക നിലവാരം നേരിടുന്ന പ്രതിസന്ധികൾ
- സാമൂഹികോൽകർഷത്തിന് അവശ്യം ആവശ്യമായി നടപടികൾ.

തുടങ്ങിയവ വിശദമായി ഉൾക്കൊള്ളുന്ന കൺസർവേറ്റർ അംഗീകരിച്ച് ആധികാരിക രേഖയായിരിക്കും. ഇത് പത്ത് വർഷമായിരിക്കും ഇതിന്റെ കാലാവധി. പ്രസിഡന്റും സെക്രട്ടറിയും ചേർന്ന് സമിതിക്കുവേണ്ടിയും റെയിഞ്ചാഫീസർ വനം വകുപ്പിനു വേണ്ടിയും കരാർ ഒപ്പും വയ്ക്കും.

## 11. പ്രവർത്തന ധനം ( Operational Fund)

വിശ്വാസ്യതാധനം, തടിയിതര വനവിഭവപരിപാലന പ്രവർത്തനങ്ങൾ ( വനകാര്യങ്ങൾ) എന്നിങ്ങനെ രണ്ടു വിധത്തിലായിരിക്കും ഇതിന്റെ നടത്തിപ്പ്. ഈ നിക്ഷേപത്തിൽ നിന്ന് പണം മാറ്റാൻ സമിതി ചെയ്തു തീർത്ത പ്രവർത്തിക്ക് ഡി.എഫ്.ഒ പാസ്സാക്കുന്ന ബില്ലുകൾ അല്ലെങ്കിൽ ഡി.എഫ്. ഒ വിന്റെ പ്രത്യേകാനുമതി യഥാവിധി ആവശ്യമാണ്. സമിതി പ്രസിഡന്റിന്റെയും എക്സ്- ഒഫിഷ്യോ സെക്രട്ടറിയുടെയും സംയുക്ത ബാങ്ക് നിക്ഷേമായി പ്രവർത്തനധന അക്കൗണ്ട് നിലനിർത്തും.

## 11.1 തടിയിതര വനവിഭവ പരിപാലനം ( വനകാര്യങ്ങൾ)

- അപൂർവ്വമായിക്കൊണ്ടിരിക്കുന്ന വനവിഭവങ്ങളുടെ പരിപാലനത്തിന് പ്രത്യേക പരിപാടികൾ
- ജൈവസഞ്ചയമേഖലകളുടെ ( Genepool Conservation Zone) പ്രത്യേക പരിപാലനം
- ശോഷിച്ച വനങ്ങളുടെ പുനരുജ്ജീവനത്തിന് പ്രത്യേക കർമ്മപരിപാടികൾ

സൂക്ഷ്മാസൂത്രണരേഖയുടെ അടിസ്ഥാനത്തിൽ കൃത്യമായ കർമ്മപരിപാടികൾ ആവിഷ്കരിക്കണം. ഇതിന് വേണ്ട 3 മാസത്തേയ്ക്കുള്ള മുൻകൂർ ധനസഹായം പ്രവർത്തന ധനഅക്കൗണ്ടിൽ ഡി.എഫ്.ഓ നിക്ഷേപിക്കും. ഡി.എഫ്.ഒ പാസ്സാക്കുന്ന പ്രവർത്തി ബില്ലുകൾ ആധാരമാക്കി ചെലവായ തുക സമിതി മൂലധനത്തിലേയ്ക്ക് കൈമാറും.ധനസഹായം 5 വർഷക്കാലത്തേയ്ക്കായിരിക്കും.

## 11.2 വിശ്വാസ്യതാധനം ( Credibility Fund)

തടിയിതര വനവിഭവങ്ങളുടെ ശേഖരണത്തിലേർപ്പെട്ടിരിക്കുന്ന അംഗമൊന്നിന് 3000 രൂപ എന്ന നിരക്കിൽ മൊത്തം തുക കണക്കാക്കി ഡി.എഫ്.ഒ വിന്റെ നിർദ്ദേശാനുസൃതം തുടക്കത്തിലെതന്നെ സമിതിയ്ക്ക് പ്രവർത്തന ധനഅക്കൗണ്ട് വഴി വിശ്വാസ്യതാധന അക്കൗണ്ടിലേയ്ക്ക് കൈമാറും. സമിതി പ്രസിഡന്റിന്റേയും എക്സ് ഒഫിഷ്യോ സെക്രട്ടറിയുടെയും സംയുക്ത ബാങ്ക് നിക്ഷേപമായി വിശ്വാസ്യതാധനം പ്രവർത്തിക്കും.

ഇത് താഴെ വിവരിച്ചിരിക്കുന്ന രീതികളിൽ സമിതിയുടെ കൃത്യമായ തീരുമാനപ്രകാരം വിനിയോഗിക്കാം.

### 11.2.1 സമിതി ഓഫീസ്

സമിതിയുടെ രേഖകളും മറ്റു വിലപ്പെട്ട വസ്തുക്കളും സൂക്ഷിച്ചുവയ്ക്കാൻ അത്യാവശ്യമായ മേശ, അലമാര തുടങ്ങിയവയും മറ്റ് ഓഫീസ് ഉപകരണങ്ങളും വാങ്ങാൻ ഈ തുക ഉപയോഗിക്കാം.

### 11.2.2 വനവിഭവശേഖരണം.

വനവിഭവങ്ങൾ ശേഖരിച്ചു കൊണ്ട് വരുമ്പോൾ പ്രതിഫലമായി അംഗങ്ങൾക്കു കൊടുക്കാനിതുപയോഗിക്കാം. വിഭവങ്ങളുടെ വിപണനം പൂർത്തിയായി കണക്കുകൾ തീർക്കുന്ന മുറയ്ക്ക് അവർ വാങ്ങിയ തുക അംഗങ്ങൾ തിരിച്ചേൽപ്പിച്ച് നിക്ഷേപം സ്ഥിരമായി നിലനിർത്തും.

ഊരിലുള്ള വനവിഭവസംഭരണശാലയുടെ നടത്തിപ്പിനുള്ള ചെലവ് ഓരോ സമിതിയ്ക്കും ലഭിച്ച വിശ്വാസ്യതാധനത്തിന്റെ അനുപാതത്തിൽ സമിതി വഹിക്കണം. വിഭവങ്ങളുടെ വിപണനം പൂർത്തിയായ ശേഷം വിറ്റുവരവിൽ നിന്ന പ്രസ്തുത തുക വിശ്വാസ്യതാധനത്തിന്റെ പുനഃസ്ഥാപിക്കുകയും വേണം.

### 11.2.3 പണികൾക്കുള്ള മുൻകൂർ ധനസഹായം.

സൂക്ഷ്മാസൂത്രണരേഖ പ്രകാരമുള്ള വനവിഭവപരിപാലന പ്രവർത്തനങ്ങൾ നടത്തുമ്പോൾ അതത് സമയത്ത് വരുന്ന ചെലവുകൾ വഹിക്കാൻ താൽക്കാലികമായി ഈ ധനം പ്രയോജനപ്പെടുത്താം. ഇതിനുള്ള ബില്ലുകൽ പാസ്സാക്കി കിട്ടുന്ന മുറയ്ക്ക് നിക്ഷേപം പുനഃസ്ഥാപിക്കുകയും വേണം.

### 11.2.4 മറ്റാവശ്യങ്ങൾ

സമിതിയുടെ പ്രത്യേക തീരുമാനപ്രകാരം, ഇടത്തട്ടുകാരുടെ ചൂഷണം ഒഴിവാക്കാൻ ഊരിലെ കാർഷിക വിഭവങ്ങളുടം വിപണനത്തിന് താൽക്കാലികമായി പ്രസ്തുത തുക വിനിയോഗിക്കാം. ഇങ്ങനെ വിഭവങ്ങൾ വിപണനം നടത്തിക്കിട്ടുന്ന വരുമാനത്തിന്റെ 10 ശതമാനം ഊരിന്റെ ഇത്തരം വാണിജ്യാവശ്യങ്ങൾക്കുള്ള 'വാണിജ്യമൂലധന' മായി പ്രത്യേകം മാറ്റിവയ്ക്കണം,. (വാണിജ്യമൂലധനം സമിതി മൂലധനത്തിൽ പെടുന്നു.)

കാർഷിക വിഭവങ്ങളുടെ വിപണനം കഴിയുന്ന മുറയ്ക്ക് പ്രസ്തുത സംഖ്യ അംഗങ്ങൾ തിരിച്ചു കൊടുത്ത് ചെലവായ തുക നിക്ഷേപമായി പുനഃസ്ഥാപിക്കുകയും വേണം.

ഒഴിച്ചു കൂടാനാവാത്ത സാഹചര്യങ്ങളിൽ വ്യക്തിഗത സഹായത്തിനു ഈ ധനസഹായം പ്രയോജനപ്പെടുത്താം. നിശ്ചിത വ്യവസ്ഥയിൽ തവണകളായി തിരിച്ചടയ്ക്കാമെന്ന ഉറപ്പിന്മേൽ പൊതുയോഗത്തിന്റെ പൂർണ്ണ സമ്മതത്തോടെ മാത്രം അതു ചെയ്യാം.

## 12. സമിതി മൂലധനം ( Core fund)

അംഗത്വഫീസ്, തടിയിതര വനവിഭവങ്ങൾ വിറ്റുകിട്ടുന്ന ലാഭത്തിന്റെ വരവ്, തടിയിതര വനവിഭവപരിപാലനത്തിന് വേണ്ടി ഡി.എഫ്.ഒ പാസാക്കുന്ന ബിൽ തുകകൾ, സന്നദ്ധസേവനം വഴി ലഭ്യമാക്കുന്ന വരവ്,വനംവകുപ്പിനാവശ്യമായ മറ്റടിയന്തര പ്രവർത്തികൾ ചെയ്യുമ്പോൾ ലഭിക്കുന്ന പ്രതിഫലം, വാണിജ്യ മൂലധനം, അന്യസ്രോതസ്സുകളിൽ നിന്നും ധനസഹായം സമിതിയുടെ നിക്ഷേപങ്ങൾ, സമിതിയുടെ മറ്റേതെങ്കിലും ആസ്തികൾ എന്നിവ സമിതിയുടെ എല്ലാ ചെലവുകളും സമതി മൂലധനത്തിൽ നിന്ന് നിർവ്വഹിക്കണം.

സമിതി പ്രസിഡന്റ്, എക്സ് ഒഫിഷ്യോ സെക്രട്ടറി, നിർവ്വഹണതലത്തിലെ പ്രത്യേകം ചുമതലപ്പെടുത്തിയ മറ്റൊരംഗം എന്നിങ്ങനെ മൂന്നുപേർ സംയുക്തമായി ഇത് ബാങ്കിൽ പ്രവർത്തിപ്പിക്കും. സമിതി പ്രസിഡന്റും സ്ത്രീയെങ്കിൽ നിർവ്വഹണതല അംഗം സ്ത്രീയായിരിക്കണം.

## 13. വനവിഭവങ്ങൾ വിപണനം ചെയ്തു കിട്ടുന്ന ലാഭവിഹിതത്തിന്റെ വിനിയോഗം (സമിതി മൂലധനം)

➢ വനവിഭവ വിപണനത്തിൽ നിന്നുള്ള ലാഭത്തിന്റെ 25% അല്ലെങ്കിൽ സർക്കാർ കൊടുക്കന്ന വിശ്വാസ്യതാധനത്തിന്റെ 25% ഏതാണോ കുറവ് അത്രയും തുക ഓരോ വർഷവും സമിതി മൂലധനത്തിൽ നിന്ന് വിശ്വാസ്യതാധനത്തിൽ ലയിപ്പിക്കണം.

➢ 50% തുക തടിയിതര വനവിഭവങ്ങൾ കൈകാര്യം ചെയ്യുന്നവരുടെ പേരിൽ സ്വാശ്രയ സംഘങ്ങൾ വഴി വിതരണം നടത്താം.

➢ 25 % തുക ഭാവി (5 വർഷത്തിനു ശേഷം) തടിയിതര വനവിഭവ പരിപാനത്തിനും വനസംരക്ഷണത്തിനുമായി മാറ്റിവയ്ക്കണം. എക്സ് ഒഫിഷ്യോ സെക്രട്ടറിയും സമിതി പ്രസിഡന്റും സംയുക്തമായി കൈകാര്യം ചെയ്യുന്ന ദീർഘകാല ബാങ്ക് നിക്ഷേപമായിരിക്കും ഇത്.

(5 വർഷം കൊണ്ട് തടിയിതര വനവിഭവങ്ങളുടെ പരിപാലനത്തിന് സമിതി എല്ലാ വിധത്തിലും സ്വയംപര്യാപ്തത കൈവരിയ്ക്കണം.)

## 14. വനവിഭവ സംസ്കരണശാല

വനവിഭവങ്ങൾ ശേഖരിച്ച് കൊണ്ടു വന്നശേഷം വൃത്തിയാക്കി തരം തിരിച്ച് അളന്ന് തിട്ടപ്പെടുത്തി പ്രാഥമികമായ സംസ്കരണം പ്രക്രിയകൾ കൈക്കൊള്ളണം. സംസ്കരിച്ച് വിഭവങ്ങൾ താൽക്കാലികമായി സൂക്ഷിച്ചു വയ്ക്കാനുള്ള സംവിധാനങ്ങൾ വരവ് ചെലവ് കണക്കുകൽ രേഖപ്പെടുത്തി സൂക്ഷിക്കാനുള്ള ഏർപ്പാടുകൾ എന്നിവ ഇവിടെ ആവശ്യമുണ്ട്. (ഇതിന്റെ നടത്തിപ്പ് ചെലവുകൾ വിശ്വാസ്യതാധനം കൊണ്ടു സാധിക്കും. ഇക്കാര്യം സൂക്ഷ്മാസൂത്രണരേഖയിൽ വ്യക്തമാക്കും.)

## 15. വനവിഭവ സംഭരണശാല

ഊരുകളിലെ പ്രാഥമിക സംസ്കരണത്തിനുശേഷം വിഭവങ്ങൾ റെയ്ഞ്ച് തലത്തിലുള്ള സംഭരണശാലയിലേയ്ക്ക് മാറ്റണം. ഇവിടെ എത്തിയതിനുശേഷം തരംതിരിക്കലും അളന്ന് തിട്ടപ്പെടുത്തലും സംസ്കരണം വേണ്ടതിന് സംസ്കരണ പ്രക്രിയകലും കഴിഞ്ഞാൽ സംഭരിച്ച് വിപണനത്തിന് തയ്യാറാക്കി വയ്ക്കും. വരുവ ചെലവു കണക്കുകൽ വിശദമായി രേഖപ്പെടുത്തി സൂക്ഷിക്കുവാനുള്ള സംവിധാനങ്ങൾ ഇവിടെ ഉണ്ടായിരിക്കണം. വിപണനം നടത്തുന്നതും ഇവിടെ നന്നായിരിക്കും (ഇതിന്റെ നടത്തിപ്പു ചെലവുകൾ വിശ്വാസ്യതാധനം കൊണ്ടു സാധിക്കും)

### 15.1 മേൽനോട്ട സമിതി

വനവിഭവ സംഭരണശാലയുടെ മേൽനോട്ടത്തിന് റെയിഞ്ചാഫീസർ ചെയർമാനായുള്ള ഒരു മേൽനോട്ട സമിതി ഉണ്ടായിരിക്കും. ഏതെങ്കിലും ഒരു സമിതി പ്രസിഡന്റ്, ഒരു എക്സ് ഒഫിഷ്യോ സെക്രട്ടറി, നിയുക്ത പട്ടികവർഗ്ഗ വികസന വകുപ്പ് ഉദ്യോഗസ്ഥൻ, ശാലയുടെ ചുമതലയുള്ള വ്യക്തി എന്നിവരടങ്ങുന്നതായിരിക്കും മേൽനോട്ട സമിതി. ശാലയിലെ വരവു ചെലുവ കണക്കുകൾ, വിഭവങ്ങളുടെ സൂക്ഷിപ്പ് സംബന്ധിച്ച സ്ഥിതി വിവരങ്ങൾ, സൂക്ഷിപ്പിന്റെ ഗുണനിലവാരം എന്നിവ മാസത്തിലൊരിക്കൽ പരിശോധിച്ച് വിലയിരുത്തണം. തെറ്റുകുറ്റങ്ങൾ അപ്പപ്പോൾ പരിഹരിച്ചുകൊണ്ടു പോകണം.

## 16. ഉത്തരവാദിത്വങ്ങൾ, ചുമതലകൾ

അനിയന്ത്രിതമായ കാലിമേച്ചിൽ, വനം കയ്യേറ്റം, തടിയിതര വനവിഭവങ്ങളുടെ അശാസ്ത്രീയശേഖരണം, വനവിഭവങ്ങളുടെ കള്ളക്കടത്ത്, വന്യമൃഗവേട്ട, കഞ്ചാവുകൃഷി തുടങ്ങി വനത്തിന് ദോഷകരമായ ബാഹ്യലോകത്തിന്റെ എല്ലാ സമ്മർദ്ദങ്ങളും ഘടകങ്ങലും ഇല്ലാതാക്കി വനസംരക്ഷണം ഭദ്രമാക്കാൻ വനംവകുപ്പിനെ സർവ്വാത്മന സഹായിക്കേണ്ടത് സമിതികളുടെ ഒന്നാമത്തെ

ഉത്തരവാദിത്വവും ചുമതലയുമാണ്. സൂക്ഷ്മാസൂത്രണരേഖയിൽ വ്യക്തമാക്കിയിട്ടുള്ള മറ്റുത്തരവാദിത്വങ്ങളും ചുമതലകളും സമിതിയ്ക്കുണ്ടായിരിക്കുകയും ചെയ്യും.

## 17. സാമൂഹ്യ മനുഷ്യ വിഭവ വികസനം

തകർന്നു പോയ ആദിവാസികളുടെ കൂട്ടായ്മകളെ ഇന്നത്തെ സാഹചര്യം അനുസരിച്ച് പുനരാവിഷ്ക്കരിക്കുകയും ആത്മവിശ്വാസത്തോടെ യാഥാർത്ഥ്യങ്ങളെ നേരിടാൻ അവരെ തയ്യാറാക്കുകയും ചെയ്യലാണ് ഇതിന്റെ പ്രധാന ലക്ഷ്യം. ആദിവാസി വനസംരക്ഷണ സമിതിയെ യാഥാർത്ഥ്യമാക്കാൻ ആവശ്യമായ പ്രവർത്തനത്തിന്റെ കാതലായ അംശമാണിത്.

റെയിഞ്ചു തലത്തിൽ ഒരു സംഘാടകനും ഊരുതലത്തിൽ കേന്ദ്രീകരിച്ച പ്രവർത്തനത്തിന്, മൂന്ന് ഊരിന് ഒരാളെന്ന ക്രമത്തിലും സാമൂഹ്യപ്രവർത്തനം ശക്തിപ്പെടുത്തും. പരിശീലനങ്ങളും പഠനയാത്രകളും ആവശ്യമനുസരിച്ച് ബന്ധപ്പെട്ടവർക്ക് നൽകും.

## 18. ഉപദേശക സമിതി

**അംഗങ്ങൾ- റെയിഞ്ചർ- ചെയർമാൻ & കൺവീനർ**

ആദിവാസി വനസംരക്ഷണസമിതികളുടെ പ്രസിഡന്റടക്കം ഈ രണ്ടു നിർവ്വഹണതലാം ഗങ്ങൾ, എക്സ് ഒഫിഷ്യോ സെക്രട്ടറി, പട്ടികവർഗ്ഗ വികസന വകുപ്പിന്റെ ജില്ലാ ഉദ്യോഗസ്ഥൻ/ പ്രതിനിധി, സർക്കാരേതര സംഘടനാ പ്രതിനിധികൾ , ബ്ലോക്ക് പഞ്ചായത്ത് ബോർജ് പ്രതിനിധി

**പ്രത്യേക ക്ഷണിതാവ്- ഡിവിഷണൽ ഫോറസ്റ്റ് ഓഫീസർ**

**ഉത്തരവാദിത്വം**

ആദിവാസി വനസംരക്ഷണസമിതികളുടെ പ്രവർത്തനങ്ങൾ റെയിഞ്ച് തലത്തിൽ ഏകോപിപ്പിക്കുക, വനവിഭവവിൽപന എങ്ങനെ നടത്തണമെന്ന് തീരുമാനിക്കുക, വനസംരക്ഷണത്തിലും വനവിഭവപരിപാലനത്തിലും ഉള്ള ന്യൂനതകൾ ചർച്ച ചെയ്ത് സമിതികൾക്കുവേണ്ട ഉപദേശം നൽകുക. മേൽനോട്ടസമിതിയുടെ പ്രതിമാസ റിപ്പോർട്ടുകൾ വിലയിരുത്തി വേണ്ട നിർദ്ദേശങ്ങൾ കൊടുക്കുക, മറ്റ് അടിയന്തിര പ്രശ്നങ്ങൾ ചർച്ച ചെയ്തു വേണ്ട തീരുമാനങ്ങളെടുക്കുക.

**ഉപദേശക സമിതി 3 മാസത്തിലൊരിക്കൽ യോഗം ചേരും**

## 19. പ്രവർത്തനഘട്ടങ്ങൾ

<u>ഒന്നാം ഘട്ടം -</u> ആദിവാസികളുടെ വനവിഭവ വിജ്ഞാനം പരമാവധി പ്രയോജനപ്പെടുതതി വനവിഭവ പരിപാലനത്തിന്റെ സൂക്ഷ്മാസൂത്രണരേഖ തയ്യാറാക്കാം. അവർക്ക് സ്വതസിദ്ധമല്ലാത്ത പുതിയ വിജ്ഞാനം പ്രയോജനപ്പെടുത്തുവാൻ കെ.എഫ്. ആർ.ഐ, റ്റി. ബി, ജി.ആർ.ഐ, എഫ്,ആർ,എച്ച്,എൽ.റ്റി, കിർട്ടാഡ്സ് തുടങ്ങിയ സ്ഥാപനങ്ങളുടെ സഹായ സഹകരണങ്ങൾ തേടും.

വനവിഭവങ്ങളുടെ പ്രാദേശിക ലഭ്യത, വിഭവഭൂപടം, ഓരോ ആദിവാസി ഊരിന്റെയും റെയിഞ്ചിലെ പ്രവർത്തനമേഖല, തടിയിതര വനവിഭവങ്ങളുടെ സ്ഥായിയായ നിലനിൽപ്പുറപ്പാക്കുന്ന പരിപാലനത്തിന്റെ സൂക്ഷ്മാംശങ്ങൾ, കൈകാര്യം ചെയ്യുന്ന ആദിവാസി സമൂഹങ്ങളുടെ അധികാരാവകാശങ്ങൾ, ഉത്തരവാദിത്വങ്ങൾ, ചുമതലകൾ, അപൂർവ്വമായിക്കൊണ്ടിരിക്കുന്ന വനവിഭവങ്ങളുടെ പരിപാലനത്തിന് പ്രത്യേക പരിപാടികൾ, ജൈവസഞ്ചയമേഖലകളുടെ പരിപാലനം, ശോഷിച്ച വനപ്രദേശങ്ങളുടെ പുനുജ്ജീവനത്തിന് പ്രത്യേകം കർമ്മപരിപാടികൾ, വനസംരക്ഷണം, ശേഖരിച്ചു കൊണ്ടു വരുന്ന തടിയിതര വനവിഭവങ്ങളുടെ സംസ്കരണം, വിതരണം, വിപണനം, വരവു ചെലവു കണക്കുകൾ സൂക്ഷിക്കൽ, പ്രവർത്തന ധനം, സമിതി മൂലധനം എന്നിവയുടെ നടത്തിപ്പ്, ഓഡിറ്റിംഗ്, പരിശീലന പരിപാടികൾ, സാമൂഹികോൽകർഷത്തിന് ആവശ്യമായ സമിതി നടപടികൾ തുടങ്ങിയവ വിശദമാക്കുന്ന ആധികാരികരേഖയായിരിക്കും ഇത്. സമ്പൂർണ്ണ കൂട്ടായ്മയിലൂടെ ആയിരിക്കും ഈ രേഖ തയ്യാറാക്കുക.

സമാന്തരമായി ഊരുകളെ അടിസ്ഥാനമാക്കി സ്വാശ്രയ സംഘങ്ങളെ ശക്തിപ്പെടുത്തും. ആവശ്യമായ പരിശീലനം കൊടുത്ത് ഊരിലെ സ്ത്രീകളുടെ മേൽനോട്ടത്തിലായിരിക്കും പ്രവർത്തനം. ഇതിനായി ഒരു സാമൂഹ്യപ്രവർത്തകയെ പ്രത്യേകം ചുമതലപ്പെടുത്തും. 5 വർഷം കൊണ്ട് തടിയിതര വനവിഭവരിപാലനത്തിൽ ആദിവാസി വനസംരക്ഷണസമിതി. സ്വയം പര്യാപ്തമാകണം.

രണ്ടാം ഘട്ടം: തടിയിതര വനവിഭവപരിപാലനവും ആദ്യഘട്ടത്തിലെ പ്രവർത്തനങ്ങളും വിശകലനം ചെയ്ത് തെറ്റുകുറ്റങ്ങൾ തിരുത്തി തുടരുന്നതോടൊപ്പം ആദിവാസി ഊരിന്റെ ക്ഷേമവും വികസനവും മുൻ നിർത്തി വിപുലമായ സൂക്ഷ്മാസൂത്രണരേഖ തയ്യാറാക്കും. മൂന്നാം വർഷം ആസൂത്രണം തുടങ്ങി നാലാം വർഷം മുതൽ ഇതി പ്രവാർത്തികമാക്കും. ആദിവാസി വനസംരക്ഷണസമിതികളും, വനം വകുപ്പും ബന്ധപ്പെട്ട മറ്റു സ്ഥാപനങ്ങളും ചേർന്നാണ് സൂക്ഷ്മാസൂത്രണരേഖ തയ്യാറാക്കുക. സമിതി തന്നെ നടപ്പാക്കുകയും ചെയ്യും. വനംവകുപ്പിന്റെ പങ്കാളിത്തം എല്ലാ മേഖലകളിലും എപ്പോഴും ഉണ്ടായിരിക്കും. ധനസഹായത്തിന്റെ 25% ന് തുല്യമായ തുക സമിതിയുടെ സന്നദ്ധസേവനം വഴി ലഭ്യമാക്കണം. ഈ ഘട്ടത്തിൽ ധനസഹായം വനംവകുപ്പു വഴി മാത്രമായിരിക്കണമെന്നില്ല.

അവലോകനം: നിർവ്വഹണതലം മാസം തോറും യോഗം ചേർന്ന് സമിതിയുടെ പ്രവർത്തനങ്ങൾ വിലയിരുത്തി നിർദ്ദിഷ്ടമായ അവലോകനങ്ങളും കാലാകാലങ്ങളിലുള്ള റിപ്പോർട്ടുകളും റെയിഞ്ചാഫീസർ വഴി ഡി.എഫ്.ഓവിന് സമർപ്പിക്കും. ഡി.എഫ്.ഒ ഇവ അവലോകനം ചെയ്ത് സമിതിയുടെ പ്രവർത്തനങ്ങൾ സുഗമമായി മുന്നോട്ട് കൊണ്ടുപോകാൻ ചുമതലപ്പെട്ടവരെ സഹായിക്കണം. 6 മാസത്തിലൊരിക്കൽ കൺസർവേറ്റർ പ്രവർത്തനങ്ങൾ അവലോകനം നടത്തി അവശ്യം വേണ്ട നിർദ്ദേശങ്ങൾ നൽകണം. റിപ്പോർട്ട് ചാഫ് കൺസർവേറ്റർക്ക് നൽകുകയും വേണം.

വിലയിരുത്തൽ: ആദിവാസി വനസംരക്ഷണ സമിതിയുടെ പ്രവർത്തനങ്ങൾ 2 വർഷം കൂടുമ്പോൾ വിലയിരുത്തപ്പെടണം. ആദിവാസി സമൂഹത്തിലുണ്ടാകുന്ന സാമൂഹ്യ- സാമ്പത്തിക- സാംസ്കാരിക മാറ്റങ്ങൾ പാരിസ്ഥിതകവും ജൈവികവുമായി വനത്തിനുണ്ടാകുനന്ന ഗുണദോഷ ഫലങ്ങൾ, വനസംരക്ഷണം,. തടിയിതര വനവിഭവങ്ങളുടെ വാണിജ്യ വിതരണം, പ്രവർത്തനത്തിൽ പങ്കാളികളായവരുടെ നിലപാടുകൾ എന്നിവ പഠനവിധേയമാക്കണം. റെയിഞ്ച് അടിസ്ഥാനത്തിലായിരിക്കും പഠനം. പ്രസ്തുത പഠനത്തിന്റെ വെളിച്ചത്തിൽ പ്രവർത്തനങ്ങൾ പരിശോധിച്ച് അവശ്യം ആവശ്യമായ നവീകരണം നടത്തണം.

ആദിവാസി വനസംരക്ഷണസമിതി പ്രതിനിധികൽ, വനംവകുപ്പ്, പട്ടികവർഗ്ഗ വികസന വകുപ്പ്, സാമൂഹ്യ ശാസ്ത്രജ്ഞർ, വന ശാസ്ത്രജ്ഞർ , സാമൂഹ്യപ്രവർത്തകർ എന്നിവരടങ്ങുന്ന പഠന സംഘത്തെ ഇതിനായി നിയോഗിക്കും.

❒

## ആദിവാസി വനസംരക്ഷണസമിതി
## പ്രതീക്ഷിക്കുന്ന ചെലവ് (സൂക്ഷ്മാസൂത്രണരേഖയ്ക്ക് വിധേയമായി)

| ക്രമ നമ്പർ | പ്രവർത്തന ഘടകങ്ങൾ | അടിസ്ഥാനം | നിരക്ക് | ആദ്യവർഷം | 2-ാം വർഷം | 3-ാം വർഷം | 4-ാം വർഷം | 5-ാം വർഷം |
|---|---|---|---|---|---|---|---|---|
| I. | **സൂക്ഷ്മാസൂത്രണം** | | | | | | | |
| 1. | ആദ്യഘട്ടം (വനപ്രവർത്തനങ്ങൾ മാത്രം) | ഊര് | 25000 രൂപ പ്രകാരം | 25000 രൂപ x ഊരുകളുടെ എണ്ണം | | | | |
| 2. | രണ്ടാംഘട്ടം (വനപ്രവർത്തനങ്ങളും സാമൂഹ്യ വികസന പ്രവർത്തനങ്ങളും) | ഊര് | 25000 രൂപ പ്രകാരം | | | 25000 രൂപ x ഊരുകളുടെ എണ്ണം | | |
| II. | **തടിയിതര വനവിഭവപരിപാലനം** | | | | | | | |
| 1. | പ്രവർത്തന മൂലധനം | അംഗം | 3000 രൂപ | 3000 രൂപ x അംഗങ്ങളുടെ എണ്ണം | | | | |
| 2. | വനവിഭവ സംസ്കരണശാല | ഊര് | 2 ലക്ഷം രൂപ | 2 ലക്ഷം രൂപ x ഊരുകളുടെ എണ്ണം | | | | |
| 3. | വനവിഭവ സംഭരണശാല | റെയിഞ്ച് | 5 ലക്ഷം രൂപ | | | 5 ലക്ഷം രൂപ | | |
| 4. | തടിയിതര വനപരിപാലനം | ഊരിന്റെ പ്രവർത്തന മേഖല | സൂക്ഷ്മാസൂത്രണ രേഖ | സൂക്ഷ്മാസൂത്രണ രേഖ | സൂക്ഷ്മാസൂത്രണ രേഖ | സൂക്ഷ്മാസൂത്രണ രേഖ | സൂക്ഷ്മാസൂത്രണ രേഖ | സൂക്ഷ്മാസൂത്രണ രേഖ |
| III. | **സാമൂഹ്യ മാനുഷ്യ വിഭവ വികസനം** | | | | | | | |
| 1. | സാമൂഹ്യ പ്രവർത്തകർ - ശമ്പളം | 3 ഊരിന് ഒരാൾ | പ്രതിമാസം 4500 രൂപ പ്രകാരം | 4500 x12 x പ്രവർത്തകരുടെ എണ്ണം | 4500 x12 x പ്രവർത്തകരുടെ എണ്ണം | 4500 x12 x പ്രവർത്തകരുടെ എണ്ണം | 4500 x12 x പ്രവർത്തകരുടെ എണ്ണം | 4500 x12 x പ്രവർത്തകരുടെ എണ്ണം |
| 2. | റെയിഞ്ച്തല കോഡിനേറ്റർ-ശമ്പളം | റെയിഞ്ച് | പ്രതിമാസം 6000 രൂപ പ്രകാരം | 6000 രൂപ x 12 | 6000 രൂപ x 12 | 6000 രൂപ x 12 | 6000 രൂപ x 12 | 6000 രൂപ x 12 |
| 3. | പരിശീലനവും പഠനയാത്രയും | റെയിഞ്ച് | 50,000 രൂപ പ്രകാരം | 75,000 രൂപ | 75,000 രൂപ | 50,000 രൂപ | 25,000 രൂപ | 25,000 രൂപ |
| IV. | **അവലോകനം വിലയിരുത്തൽ** | | | | | | | |
| | പഞ്ചവാർഷികം വിലയിരുത്തൽ | റെയിഞ്ച് | 1,00,000 രൂപ | | | | | 1,00,000 രൂപ |

- ഒന്നിലേറെ സമിതികളെ പൊതുവായി സംബന്ധിക്കുന്നതാകയാൽ സൂക്ഷ്മാസൂത്രണ രേഖ അടിസ്ഥാനപ്പെടുത്തിയാകണമെന്നില്ല
- തടിയിതര വനവിഭവശേഖരണത്തിൽ ഏർപ്പെട്ടിരിക്കുന്ന അംഗങ്ങൾ